ഉത്തരം

(എ) കണക്ക് ശേഖരിച്ചിട്ടില്ല.

(ബി) സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുന്നതിനായി ഇപ്പോൾ പ്രത്യേകമായി പദ്ധതികൾ നടപ്പിലാക്കിവരുന്നില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പിൽനിന്നും വിവിധ ഭവനനിർമ്മാണ ധനസഹായ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന വീടുകളോടൊപ്പം സാനിട്ടറി കക്കൂസുകളും നിർമ്മിച്ചുവരുന്നുണ്ട്.

(സി) ഭവനനിർമ്മാണത്തിന് നൽകുന്ന തുകയിൽ ഇത് ഉൾപ്പെടുന്നു എന്നല്ലാതെ ഓരോന്നിനും ഇനം തിരിച്ച് പറയുന്നില്ല.

(ഡി) സാനിട്ടറി കക്കൂസുകളുടെ നിർമ്മാണത്തിന് മാത്രമായി പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല.

കാസർകോട് ജില്ലയിലെ പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ

80 (1768) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2003-2004 വർഷത്തിൽ കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ മാത്രമായി പട്ടികവർഗ്ഗ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി എല്ലാ ജില്ലകളിലും നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായിട്ടുള്ള തുടർപദ്ധതികളും പുതിയ പരിപാടികളും കാസർഗോഡ് ജില്ലയിലും നടപ്പാക്കുന്നതാണ്.

പട്ടികവർഗ്ഗ പദ്ധതി ഫണ്ട് വീണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ നടപടി

81 (1769) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ഉപപദ്ധതി അനുസരിച്ചുള്ള ഫണ്ട് വീണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ എത്ര തുക ഉണ്ടാകും ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക തിരിച്ചെടുത്ത് പട്ടികവർഗ്ഗ വികസനവകുപ്പിനെ ഏൽപ്പിച്ച നടപടി തെറ്റായെന്ന് സർക്കാർ കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly